**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2773** **14-09-2023 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിൽ വ്യവസായ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ സംരംഭങ്ങൾ കുറവായ പൂഞ്ഞാർ മണ്ഡലത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി എടക്കുന്നം വില്ലേജിലെ ബ്ലോക്ക് നമ്പർ 07, എരുമേലി നോർത്ത് വില്ലേജിലെ ബ്ലോക്ക് നമ്പർ 026, എരുമേലി സൗത്ത് വില്ലേജിലെ ബ്ലോക്ക് നമ്പർ 027 എന്നിവിടങ്ങളിലായി കണ്ടെത്തിയ 150 ഏക്കറോളം ഭൂമി കിൻഫ്രയുടെ ടെക്നിക്കൽ ടീം 25/05/2022-ന് സന്ദർശിച്ച് സാധ്യതാ റിപ്പോർട്ട് ജില്ലാ വ്യവസായ സൈറ്റ് സെലക്ഷൻ കമ്മിറ്റിയ്ക്ക് സമർപ്പിച്ചിരുന്നു. ജില്ലാ വ്യവസായ സൈറ്റ് സെലക്ഷൻ കമ്മിറ്റി 22/06/2022-ൽ ടി പ്ലോട്ടുകൾ സന്ദർശിക്കുകയും ടി പ്രൊപ്പോസൽ 05/07/2022 -ാം തീയതിയിലെ സൈറ്റ് സെലക്ഷൻ കമ്മിറ്റി യോഗത്തിൽ വിശദമായി ചർച്ച ചെയ്യുകയും ചെയ്തു. നിർദ്ദിഷ്ട ഭൂമി റബ്ബർ അധിഷ്ഠിത വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി ഏറ്റെടുക്കാവുന്നതാണെന്ന് പ്രാഥമിക നടപടി എന്ന നിലയിൽ റിപ്പോർട്ട് ചെയ്യുന്നതിനും തുടർനിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് റവന്യൂ, ലാൻഡ് ബോർഡ്, ഫോറസ്റ്റ്, ജിയോളജി, പി.ഡബ്ല്യൂ.ഡി, കെ.എസ്.ഇ.ബി തുടങ്ങി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും ക്ലിയറൻസുകൾ ലഭ്യമാക്കിയ ശേഷം ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്ന ഭൂമിയുടെ അളവ് സംബന്ധിച്ച് സാങ്കേതിക വിദഗ്ധരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനും പ്രസ്തുത യോഗം തീരുമാനിച്ചു.<br><br>നിർദ്ദിഷ്ട പദ്ധതി പ്രദേശം റബ്ബർ അധിഷ്ഠിത വ്യവസായപാർക്കിന് അനുയോജ്യമാണോയെന്നുള്ള സാധ്യതാ പഠനറിപ്പോർട്ട്, നിക്ഷേപ സാധ്യത സംബന്ധിച്ച റിപ്പോർട്ട് എന്നിവ ലഭ്യമാക്കുവാൻ കിൻഫ്ര മാനേജിംഗ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പൂഞ്ഞാർ മണ്ഡലത്തിൽ കിൻഫ്രയുടെ | (ബി) | കിൻഫ്രയ്ക്ക് നിലവിൽ പദ്ധതിയില്ല. |

| | | | |
|---|---|---|---|
| | നേതൃത്വത്തിൽ ഒരു വ്യവസായ പാർക്ക് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ